
ഐലാൻ കുർദി

# മനുഷ്യ മനസാക്ഷിയെ ഉണർത്തിയ കുഞ്ഞുങ്ങളുടെ ഫോട്ടോകൾ

ചരിത്രത്തെ അതിജീവിച്ച കണ്ടുപിടുത്തങ്ങളെയും പുസ്തകങ്ങളെയും കുറിച്ച് നിങ്ങൾ കേട്ടിരിക്കും. എന്നാൽ കേവലം ഇഞ്ചുകൾ മാത്രം വലിപ്പമുള്ള ഫോട്ടോഗ്രാഫുകൾക്ക് ചരിത്രഗതിയെ മാറ്റിയെഴുതാൻ കഴിയുമെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?

യുദ്ധം, ക്ഷാമം, പ്രകൃതി ക്ഷോഭങ്ങൾ മുതലായ ദുരന്തങ്ങളിൽ ഇരയാക്കപ്പെടുന്ന മനുഷ്യരുടെ വേദനകൾ അനേകം ഫോട്ടോഗ്രാഫർമാർ തങ്ങളുടെ ഫ്രെയിമുകളിലേക്ക് പകർത്തിയിട്ടുണ്ട്. ഇവയിൽ ഏറ്റവും കൂടുതൽ ലോകശ്രദ്ധ പതിയുന്നത് നിഷ്കളങ്കരായ കുട്ടികളുടെ ചിത്രങ്ങളാണ്.

യാതൊരുവിധ പാപചിന്തകളോ തെറ്റുകളോ തീണ്ടാത്ത കുഞ്ഞുങ്ങൾ കുടിലരായ ഏകാധിപതികളും സംഹാരമൂർത്തികളായ സാമ്രാജത്വശക്തികളും അധികാരത്തിനും ഭൗതികസ്വത്തിനും വേണ്ടി ആർത്തി മൂത്ത് ഉണ്ടാക്കുന്ന യുദ്ധങ്ങളിലും ആഭ്യന്തര കലാപങ്ങളിലും ബലിയാടുകളാക്കപ്പെടുന്നു.

പശ്ചിമേഷ്യയിലും ആഫ്രിക്കൻ രാജ്യങ്ങളിലും നടക്കുന്ന സമീപകാലസംഭവങ്ങൾ കണ്ണീർ വരുത്തുന്നതാണ്. കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരായ സ്ത്രീകളും ഈ വിധത്തിൽ ഇരകളാക്കപ്പെടുന്നു.

ഇത്തരത്തിൽ മരണപ്പെട്ട ഒരു നിഷ്കളങ്ക നായ ശിശുവിന്റെ ചിത്രമായിരുന്നു സെപ്റ്റംബർ-3 ന് ആഗോള മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട സിറിയൻ അഭയാർത്ഥിയായ ഐലാൻ കുർദിയുടേത്.

സിറിയയിൽ വർഷങ്ങളായി തുടരുന്ന ആഭ്യന്തരകലാപം മൂലം ദശലക്ഷക്കണക്കിന് മനുഷ്യരാണ് തങ്ങളുടെ ജീവനുവേണ്ടി പലായനം ചെയ്യുന്നത്. സിറിയയിൽ നിന്നും മാത്രമല്ല മധ്യേഷ്യയിലെ ഇറാഖും അഫ്ഘാനും ഉൾപ്പെടെ മറ്റു രാജ്യങ്ങളിൽ നിന്നും യുദ്ധഭീതിയാൽ ആളുകൾ അഭയംതേടി യൂ

റോപ്പിലേക്ക് ഒഴുകുകയാണ്.

രണ്ടാം ലോകയുദ്ധകാലത്തേക്കാളും വലിയ അഭയാർത്ഥി പ്രവാഹത്തിനാണ് ലോകം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നത്.

സിറിയയിൽ നിന്ന് തുർക്കിയിലെ സമുദ്രതീരത്തെത്തി തൊട്ടടുത്തുള്ള ഗ്രീസിലെ ഒരു ദ്വീപിലേക്ക് ബോട്ടുമാർഗ്ഗം രക്ഷപ്പെടാൻ ശ്രമിച്ചതായിരുന്നു ഐലാൻ കുർദിയുടെ കുടുംബം. ഗ്രീസ് വഴി ബെൽജിയം, ഹങ്കറി, ജർമ്മനി എന്നിങ്ങനെയുള്ള രാജ്യങ്ങളിലേക്കാണ് ഈ അഭയാർത്ഥികൾ പ്രവേശിക്കുന്നത്. എന്നാൽ നിത്യേനെയുള്ള ബോട്ടപകടങ്ങൾ സമുദ്ര തീരത്ത് സുലഭം.

ഐലാൻ കുർദിയുടെ കുടുംബം കയറിയ ബോട്ട് മെഡിറ്ററേനിയൻ സമുദ്രത്തിൽ മറിയുകയും അവനും അവന്റെ മാതാവും സഹോദരരും മരണപ്പെടുകയും ചെയ്തു. അവൻ മരിക്കുമ്പോൾ കണ്ണുകൾ തുറന്ന രീതിയിലായിരുന്നു. ആ കണ്ണ് അടച്ച് അവനെ കമിഴ്ത്തിക്കിടത്തി നിലൂഫർ ഡിമർ എന്ന ഫോട്ടോജേർണലിസ്റ്റ് എടുത്ത ഫോട്ടോ പിറ്റേന്ന് ലോകമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു.

ഈ ഫോട്ടോയിലൂടെ അഭയാർത്ഥി പ്രശ്നങ്ങളിലേക്ക് ലോകശ്രദ്ധ കുറേക്കൂടി കേന്ദ്രീകരിക്കപ്പെടുകയും ജർമ്മനിയടക്കമുള്ള രാജ്യങ്ങൾ അഭയാർത്ഥികൾക്കുള്ള അഭയവും, പുനരധിവാസവും വിഭാവനം ചെയ്യുകയുമുണ്ടായി. ഫ്രാൻസിസ് മാർപാപ്പ എല്ലാ യൂറോപ്യൻ കുടുംബങ്ങളിലും അഭയാർത്ഥികളെ താമസിപ്പിക്കാൻ അഭ്യർത്ഥിക്കുകയുമുണ്ടായി.



കൊസോവയിൽ അൽബേനിയൻ വംശജരും സെർബുകളും തമ്മിലുള്ള രൂക്ഷമായ വംശീയ കലാപത്തിൽ വൻ കുരുതിക്ക് ആളുകൾ വിധേയമായി. ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ വംശീയ കലാപവും കൂട്ടക്കുരുതിയുമായിരുന്നു അവിടെ 2000-ൽ അരങ്ങേറിയത്.

കൊസോവ അതിർത്തിയിലുള്ള മുൾ വേലിയിൽകൂടെ അഗിംഷാല എന്ന അൽബേനിയൻ വംശജനായ രണ്ടു വയസ്സുകാരനെ അപ്പുറത്തുള്ള അൽബേനിയൻ അഭയാർഥി ക്യാമ്പിലേക്കായി കൈമാറുന്ന ഈ ചിത്രം 2000-ലെ പുലിസ്റ്റർ ഫോട്ടോഗ്രാഫി അവാർഡിന് അർഹമായി. ലോക പ്രശസ്ത ഫോട്ടോഗ്രാഫറായ കരോൾ ഗസ്സി (Carol guzy)ആണ് ഈ ഫോട്ടോ എടുത്തത്.



2008ൽ ഹെയ്തി എന്ന രാജ്യത്ത് വീശിയടിച്ച ചുഴലി കൊടുങ്കാറ്റിൽ 800 പേർ മരിക്കുകയും പത്തു ലക്ഷം പേർ ഭവന രഹിതരാകുകയും ചെയ്തു. ചുഴലിക്കാറ്റ് ബാക്കിവെച്ച അവശിഷ്ടങ്ങൾക്കിടയിൽ ഒരു കൊച്ചു കുട്ടി ട്രോളി ഓടിക്കാൻ ശ്രമിക്കുന്ന ഈ ചിത്രം 2008-ലെ പുലിസ്റ്റർ ഫോട്ടോഗ്രാഫി അവാർഡിന് അർഹമായി. പാട്രിക് ഫാരെൽ (Patrick Farrell) എന്ന ഫോട്ടോഗ്രാഫറാണ് ഈ ഫോട്ടോയെടുത്തത്.

മധ്യപ്രദേശിലെ ഭോപ്പാൽ നഗരത്തിൽ 1984 ഡിസംബർ 2,3 തിയ്യതികളിൽ ഉണ്ടായ യൂണിയൻ കാർബൈഡ് ഫാക്ടറി വിഷാവാതക ദുരന്തം ലോകത്ത് ഉണ്ടായിട്ടുള്ള വ്യവസായ ദുരന്തങ്ങളിൽ മുമ്പിൽ നിൽക്കുന്നതാണ്.

യൂണിയൻ കാർബൈഡ് ഫാക്ടറി അമേരിക്കൻ നേതൃത്വത്തിൽ ഇന്ത്യൻ സഹകരണത്തോടെ സ്ഥാപിക്കപ്പെട്ട ഒന്നായിരുന്നു. 4000 ത്തിനടുത്ത് ആളുകൾ മരണപ്പെടുകയും അത്രത്തോളം പേർക്ക് ഗുരുതരമായ പരിക്കു പറ്റുകയും ചെയ്തുവെന്ന് ഔദ്യോഗിക കണക്കുകൾ പറയുമ്പോൾ, 8000 പേർ മരണപ്പെടുകയും പതിനായിരക്കണക്കിന് പേർ പിന്നീട് ചത്തതിനൊ ക്കുമേ ജീവിച്ചിരിക്കിലും എന്നമട്ടിൽ ജീവിക്കുകയും ചെയ്തു എന്ന് അനൗദ്യേഗിക കണക്കുകൾ പറയുന്നു. പാബ്ലോ ബാർത്‌ലോമ്യ് (Pablo Bartholomew) എന്ന ഫോട്ടോ ഗ്രാഫർ എടുത്ത ഈ ചിത്രം മൂന്നാം ലോകരാജ്യങ്ങളിൽ സാമ്രാജ്യത്വ ചൂഷണങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളിലേക്കു ശ്രദ്ധതിരിക്കാനും അതുവഴി ജനങ്ങളുടെ ഒട്ടേറെ പ്രതിരോധ ശ്രമങ്ങൾക്കും കാരണമായി.





ലൈബീരിയ എന്ന ആഫ്രിക്കൻ രാജ്യം ആഭ്യന്തരകലാപങ്ങളിൽ രക്തരൂഷിതമായ രാഷ്ട്രമായിരുന്നു. പട്ടാളഅട്ടിമറികളും വ്യത്യസ്ത വംശീയഗ്രൂപ്പുകൾ തമ്മിലുള്ള പോരാട്ടവും ആ രാജ്യത്തെ വലിയ രക്തക്കളമാക്കി തീർത്തു. ഏകദേശം 2 ലക്ഷത്തോളം പേർ കാൽ നൂറ്റാണ്ടു കാലം നടന്ന ആഭ്യന്തര കലാപത്തിൽ ഇരകളായായതായി കണക്കാക്കപ്പെടുന്നു.

2003ൽ ലൈബീരിയയുടെ തലസ്ഥാനമായ മൊൺറൊവീയ (Monrovia) കടുത്ത ആഭ്യന്തരയുദ്ധത്തിന് വേദിയായി. തലസ്ഥാനം പിടിച്ചെടുക്കാനു ള്ള വിവിധ സൈനിക ഗ്രൂപ്പുകളുടെ പോരാട്ടങ്ങൾക്കിടയിൽ ഒരു കുട്ടി, വീണു കിടക്കുന്ന വെടിയുണ്ടക്കു മുകളിലൂടെ നടന്നു പോകുന്നു. ഈ ചിത്രം 2004- ലെ പുലിസ്റ്റർ ഫോട്ടോഗ്രാഫി അവാർഡിനു അർഹമായി. അമേരിക്കയിലെ പ്രശസ്ത പത്രമായ ലോസ് ഏഞ്ചൽസ് ടൈംസിന്റെ സ്റ്റാഫ് ഫോട്ടോഗ്രാഫർ കരോളിൻ കോൾ (Carolyn Cole) ആണ് ഈ ചിത്രം പകർത്തിയത്.



ഫലസ്തീൻ എന്ന രാജ്യത്തെ കുഞ്ഞുങ്ങൾ വെടിയുണ്ടകൾക്കും ബോംബ് സ്ഫോടനങ്ങളുടെയും ഇടയിലാണ് ജീവിക്കുന്നത്. ഫലസ്തീൻ കുരുന്നുകൾ ബോംബ് സ്ഫോടനത്തിൽ ചെവി പൊത്തിപ്പിടിക്കുന്ന ഈ ഫോട്ടോ എടുത്തത് 2006-ൽ കരോളിൻ കോൾ (Carolyn Cole) ആണ്.

• പി.എ നാസിമുദ്ദീൻ

▸▸അവസാനം ഇന്ത്യവിട്ട വിദേശ ശക്തി- പോർച്ചുഗീസുകാർ